# പതിന്നാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യ നമ്പർ : 558** **30/06/2016- ൽ മറുപടിക്ക്**

**പാൽ ഉല്പാദനവും ക്ഷീര സംഘങ്ങളുടെ പ്രവർത്തനവും ക്ഷീര കർഷകർക്കുള്ള പെൻഷനും**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ഇ.റ്റി. ടൈസൺ മാസ്റ്റർ<br>ശ്രീ. ആർ. രാമചന്ദ്രൻ | ശ്രീ.കെ രാജു<br>(ബഹു വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) പാൽ ഉല്പാദനത്തിൽ സംസ്ഥാനം സ്വയം പര്യാപ്തത കൈവരിക്കാൻ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (എ) ഉണ്ട്. പാൽ ഉല്പാദനത്തിൽ സംസ്ഥാനം സ്വയം പര്യാപ്തത കൈവരിക്കാൻ വകുപ്പ് പുതിയ പദ്ധതികൾക്ക് രൂപം നല്കിയിട്ടുണ്ട്. തീറ്റപ്പുല്ലിന്റെ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി തെരെഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ഒരു സമഗ്ര തീറ്റപ്പുൽ കൃഷി വികസന പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. കൂടാതെ നിലവിൽ നടപ്പിലാക്കി വരുന്ന മിൽക്ക് ഷെഡ് വികസന പദ്ധതി, കാലിത്തീറ്റ വിതരണ സബ്സിഡി പദ്ധതി, മറ്റ് വിജ്ഞാപന വ്യാപന പ്രവർത്തനങ്ങൾ, ക്ഷീര സഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതികൾ എന്നിവ മുന്തിയ പ്രാധാന്യം നല്കി നടപ്പിലാക്കുന്നതിനും ഉദ്ദേശിക്കുന്നു.<br>മിൽമയും മേഖലാ യൂണിയനുകളും പാൽ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ സ്വന്തം ഫണ്ട് ഉപയോഗിച്ചും കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ ധന സഹായത്തോടു കൂടിയും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പാലുല്പാദന വർദ്ധനവിനു വേണ്ടി മിൽമയുടെ മലബാർ, എറണാകുളം, തിരുവനന്തപുരം മേഖലാ യൂണിയനുകൾ, മിനി ഡയറി പദ്ധതി, പശുക്കളെയും, കിടാരികളെയും വാങ്ങുന്ന-തിനുള്ള സഹായം, തൊഴുത്ത് പണിയുന്നതിന് സാമ്പത്തികസഹായം, |

കറവയന്ത്രം വാങ്ങുന്നതിന് സാമ്പത്തിക സഹായം, പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ക്യാമ്പുകൾ, കർഷകർക്കും കറവക്കാർക്കും സൊസൈറ്റിസ്റ്റാഫുകൾക്കുമുള്ള ട്രെയിനിംഗ്, ഉല്പാദന വർദ്ധനവിനും കാലികളുടെ ആരോഗ്യസംരക്ഷണത്തിനും വേണ്ട വിരമരുന്നും മറ്റു ഉല്പന്നങ്ങളും നൽകുക, കാലിത്തീറ്റയ്ക്കുള്ള സബ്സിഡി, എറണാകുളം മേഖലാ യൂണിയൻ കാലിത്തീറ്റ ഇൻസെന്റീവ്, പശുക്കളെയും കിടാരികളെയും വാങ്ങിക്കുന്നതിനുള്ള സഹായം, ഫാമുകൾക്ക് ട്രാൻസ്പോർട്ടേഷൻ സബ്സിഡി, റബ്ബർമാറ്റ് വാങ്ങുന്നതിന് സബ്സിഡി, പ്രഷർവാഷർ വാങ്ങുന്നതിന് സബ്സിഡി, മലബാർ മേഖലാ യൂണിയൻ സമീകൃത കാലിത്തീറ്റ, വൈക്കോൽ, പച്ചപ്പുല്ല്, ബദൽ തീറ്റ വിതരണം, ഫാം സപ്പോർട്ട് പദ്ധതിയിൽ സബ്സിഡിയോടെ ഫാം ഉപകരണങ്ങൾ, കിടാരി പരിപാലന പരിപാടി, ഗ്രാമപ്രദേശങ്ങളിൽ കൃത്രിമബീജധാന സംവിധാനം, പശുക്കളെ വാങ്ങുന്നതിനുള്ള ബാങ്ക് വായ്പ സൗകര്യം തുടങ്ങിയവ പ്രാധാന്യം നല്കി നടപ്പിലാക്കുന്നു. കൂടാതെ എൻ.ഡി.പി, എൻ.പി.ഡി.ഡി, ആർ.കെ.വി.വൈ മുതലായ പദ്ധതികൾ വഴി ക്ഷീരോല്പാദന വർദ്ധനവിനുള്ള നടപടികൾ മിൽമ സ്വീകരിച്ചുവരുന്നു.

(ബി) ക്ഷീര സംഘങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) 1969-ലെ കേരള സഹകരണ സംഘങ്ങൾ നിയമവും ചട്ടങ്ങളും പ്രകാരം സംഘം പരിശോധനയുൾപ്പെടെയുള്ള പരിപാടികൾ കാര്യക്ഷമമാക്കുകയും കൃത്യമായ അവലോകനം നടത്തി സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മുൻവർഷം സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, ഓട്ടോമേഷൻ എന്നിവ നടപ്പിലാക്കി സംഘങ്ങളുടെ കർഷകരുടെ ഇടപാടുകൾ കൂടുതൽ സുതാര്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു .

(സി) പാൽ വില ചാർട്ട് പരിഷ്കരണവുമായി ബന്ധപ്പെട്ട് എത്ര പഠന റിപ്പോർട്ടുകൾ നിലവിലുണ്ടെന്നും ചാർജ്ജ് പരിഷ്കരണവുമായി ബന്ധപ്പെട്ട് പുതിയ വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ഈ സമിതിയുടെ റിപ്പോർട്ട് എപ്പോൾ ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ ?

(സി) പാൽ വില ചാർട്ട് പരിഷ്കരണവുമായി ബന്ധപ്പെട്ട് നിലവിൽ കേരള വെറ്റിനറി സർവ്വകലാശാല നടത്തിയ ഒരു പഠനത്തിന്റെ ഇടക്കാല റിപ്പോർട്ടാണ് ഉള്ളത്. ഇതുമായി ബന്ധപ്പെട്ട് നിലവിൽ വിദഗ്ദ സമിതിയെ നിയോഗിച്ചിട്ടില്ല.

(ഡി) ക്ഷീര കർഷകർക്കുള്ള പെൻഷൻ, കാലിതീറ്റ സബ്സിഡി തുടങ്ങിയവ കൊടുത്തു തീർക്കാനുണ്ടോ ; ഉണ്ടെങ്കിൽ എപ്പോൾ കൊടുത്തു തീർക്കുമെന്ന് വ്യക്തമാക്കുമോ?

(ഡി) ക്ഷീര കർഷക ക്ഷേമനിധി മുഖാന്തിരം ക്ഷീര കർഷകർക്കുള്ള പെൻഷൻ നാളിതുവരെ കുടിശ്ശിക കൂടാതെ നൽകിയിട്ടുണ്ട്. 2015 - 16 വർഷം കാലിത്തീറ്റ സബ്സിഡിയിനത്തിൽ ലഭിച്ച 1350 ലക്ഷം രൂപ രൂപ പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. കുടിശ്ശിക ഇല്ല.

സെക്ഷൻ ഓഫീസർ.